# കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്
## സംസ്ഥാന കാര്യാലയം, തിരുവനന്തപുരം - 33

നമ്പർ:- ***F-402/2023/KSBSG*** തീയതി: **09.02.2023**

സ്വീകർത്താവ്

**എല്ലാ ജില്ലാ സെക്രട്ടറിമാരും**

സർ/മാഡം,

***വിഷയം:- കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് - തിങ്കിംഗ് ഡേ സെലിബ്രേഷൻ* - Selfie with BP - Season 2 - *സംബന്ധിച്ച്***

കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് നവ മാധ്യമ സമിതിയുടെ നേതൃത്വത്തിൽ തിങ്കിംഗ് ഡേയോടനുബന്ധിച്ച് ഫെയ്സ് ബുക്ക് പേജിലൂടെ സെൽഫി ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നു. എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

### Selfie with BP
### Season 2

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് സംസ്ഥാന നവമാധ്യമ സമിതി പരിചിന്തന ദിനത്തോടനുബന്ധിച്ച് ഫെയ്സ്ബുക്ക് പേജിലൂടെ സെൽഫി ഫോട്ടോ മത്സരം സംഘടിപ്പിക്കുന്നു, Cub/bulbul, Scout/ Guide, Rover/Ranger എന്നീ വിഭഗങ്ങളിൽ പ്രത്യേകം പ്രത്യേകമായി മത്സരമായി ആണ് മത്സരം സംഘടിപ്പിക്കുന്നത്. Adult വിഭാഗത്തിൽ സ്കൗട്ടർ, ഗൈഡർ എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾ ആയിരിക്കും ഉണ്ടാക്കുക ഫെബ്രുവരി 10 രാവിലെ രാവിലെ 10 ന് ആരംഭിച്ച് ഫെബ്രുവരി 23ന് വൈകിട്ട് 5 മണി വരെ ഉള്ള സമയമാണ് മത്സരത്തിനായി ഉദ്ദേശിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇത് ഒരു സെൽഫി ഫോട്ടോ മത്സരമാണ് . അതുകൊണ്ടുതന്നെ സെൽഫികൾ മാത്രമാണ് പരിഗണിക്കുന്നത്.
2. ഏറ്റവും നല്ല സെൽഫി ഫോട്ടോയ്ക്ക് അല്ല മറിച്ച് ഏറ്റവും കൂടുതൽ ആളുകൾ ഇഷ്ടപ്പെടുന്ന (like) ഫോട്ടോയ്ക്ക് ആണ് മത്സരത്തിൽ ആദ്യ പരിഗണന ലഭിക്കുന്നത്. കമൻറുകൾക്കും പ്രത്യേക പരിഗണന യുണ്ട്. *ഒരു കമന്റിനു ഒരു പോയിൻറ് അധികമായി ലഭിക്കും.
3. മത്സരത്തിൽ പങ്കെടുക്കുവാൻ മത്സരാർത്ഥി സ്വന്തം കുടുംബത്തിലെ ഒരാളെ അല്ലെങ്കിൽ സുഹൃത്തിനെ ബേഡൻ പവ്വൽ (guide wing ലേഡി ബേഡൻ പവ്വൽ) എന്ന രീതിയിൽ വേഷവിധാനങ്ങളോടെ ടെ,അണിയിച്ചൊരുക്കുകയും അദ്ദേഹത്തോടൊപ്പം നിന്ന് APRO പ്രകാരമുള്ള ശരിയായതും പൂർണ്ണമായ തുമായ യൂണിഫോമിൽ സെൽഫി എടുക്കുകയും വേണം. അപ്രകാരമുള്ള സെൽഫി ഫോട്ടോ The Kerala State Bharat scouts and guides ന്റെ ഔദ്യോഗികമായ ഫേസ്ബുക്ക് പേജിൽ (https://www.facebook.com/profile.php?id=100080905362599) ഫെബ്രുവരി 10നും 23 നും ഇടയിൽ എപ്പോൾ വേണമെങ്കിലും പോസ്റ്റ് ചെയ്യാവുന്നതും ആകുന്നു.
4. മരത്സരാർത്ഥിക്ക് ഫേസ്ബുക്ക് പേജിൻറെ ലിങ്ക് തന്നെ മത്സര ഫോട്ടോയ്ക്ക് ലൈക്ക് ലഭിക്കുവാൻ വേണ്ടി വാട്സപ്പ്കളിലും മറ്റു സോഷ്യൽ മീഡിയകളിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

5. ഫോട്ടോയ്ക്ക് ലൈക്ക് കൂട്ടുന്നതിനായി മറ്റു തരത്തിലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നത് ആയി കണ്ടാൽ മുന്നറിയിപ്പുകൾ കൂടാതെ മത്സരാർത്ഥിയെ മത്സരത്തിൽ നിന്നും ഒഴിവാക്കുന്നതാണ്.

6. ഒരാൾക്ക് ഒരു ഫോട്ടോ മാത്രമാണ് അപ്‌ലോഡ് ചെയ്യാൻ കഴിയുക, ഫോട്ടോയ്ക്ക് മുകളിലായി മത്സരാർത്ഥിയുടെ പേര്, ബേഡൻ പവ്വൽ ആയി വേഷം ധരിച്ചിരിക്കുന്ന ആളുടെ പേര് എന്നിവയും മത്സരാർത്ഥിയുടെ യൂണിറ്റ്, LA, ജില്ല എന്നിവയ്ക്കൊപ്പം സ്വന്തമായി തയ്യാറാക്കി 50 വാക്കിൽ കവിയാത്ത പരിചിന്തന ദിന സന്ദേശവും എഴുതേണ്ടതാണ്. സന്ദേശത്തിനു ശേഷം (ഹാഷ്ടാഗ് ) #Selfie with BP എന്ന് ചേർക്കേണ്ടതാണ്(ഫോണ്ട് കോപ്പി പേസ്റ്റ് ചെയ്യാവുന്നതാണ്)

7. എഡിറ്റ് ചെയ്തോ ഫോട്ടോഷോപ്പ് വിദ്യ ഉപയോഗപ്പെടുത്തി തയ്യാറാക്കിയതോ ആയ ഫോട്ടോകൾ മുന്നറിയിപ്പില്ലാതെ മത്സരത്തിൽ നിന്ന് ഒഴിവാക്കുന്നതാണ്.( ക്രോപ്പിംഗ് അനുവദനീയമാണ്)

8. മത്സരത്തിന് പൂർണമായ നിയന്ത്രണവും നടത്തിപ്പും കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് നവമാധ്യമ സമിതിയുടെ നിയന്ത്രണത്തിലാണ്. സ്കൗട്ട് ഗൈഡ് പ്രസ്ഥാനത്തിൻറെ മൂല്യവും അന്തസ്സും ഉയർത്തിപ്പിടിക്കുന്നതും, വ്യക്തികളുടെ സ്വകാര്യതയും ഐ.ടി. നിയമങ്ങൾ പാലിക്കുന്നതും ആണ് എന്ന് ഉറപ്പുവരുത്തുവാൻ മത്സരാർത്ഥി സ്വയം തയ്യാറാകേണ്ടതാണ്.

9. നവമാധ്യമ സമിതിയുടെ ജഡ്ജിംഗ് പാനലിൽ ഉൾപ്പെട്ടവർ ഒഴികെ പ്രസ്ഥാനത്തിലെ മുഴുവൻ അംഗങ്ങൾക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS
THIRUVANANTHAPURAM-695033

**State Secretary**